പോലീസ് വകുപ്പിൽ സ്ത്രീ പ്രാതിനിധ്യം

187 (3697) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സേനയുടെ ആകെ എണ്ണത്തിന്റെ എത്ര ശതമാനമാണ് സ്ത്രീ പ്രാതിനിധ്യമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിന് സ്ത്രീകളായ ഉദ്യോഗാർത്ഥികൾ വിമുഖത കാണിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും സ്ത്രീകൾക്ക് ലഭ്യമാണോ; ഇല്ലെങ്കിൽ ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) സ്ത്രീകൾക്കെതിരായ അക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പോലീസ് വകുപ്പിൽ സ്ത്രീകളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) മേലുദ്യോഗസ്ഥരിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള വിവേചനം നേരിടുന്നതായി പോലീസിലെ വനിതാ അംഗങ്ങളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് വ്യക്തമാക്കുമോ?

ഉത്തരം

(എ) 7.5 ശതമാനം.

(ബി) പോലീസ് വകുപ്പിൽ ജോലി ചെയ്യുന്നതിന് സ്ത്രീകളായ ഉദ്യോഗാർത്ഥികൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പോലീസ് വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും സ്ത്രീകൾക്ക് ലഭ്യമാണ്.

(ഡി) പോലീസ് വകുപ്പിൽ സ്ത്രീകളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 25-8-2014-ലെ സ.ഉ.(കൈ)നമ്പർ 169/14/ആഭ്യന്തരം പ്രകാരം 250 വനിതാ സിവിൽ പോലീസ് ആഫീസർമാരുടെയും നേരിട്ടുള്ള നിയമനത്തിനായി 60 വനിതാ എസ്.ഐ. മാരുടെയും തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. കൂടാതെ, 485 ഒഴിവുകൾ വനിതാ സിവിൽ പോലീസ് ആഫീസർ തസ്തികയിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും നിയമന ശിപാർശകൾ ലഭിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജാസ്മി മൻസിലിലെ ആത്മഹത്യ സംബന്ധിച്ച അന്വേഷണം

188 (3698) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ പുതിയകാവ് ജാസ്മി മൻസിലിൽ സൈനുദ്ദീന്റെ മക്കളായ ജസ്മി, സജ്ന, പേരക്കുട്ടി ഫാത്തിമ എന്നിവർ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) കേസ് അന്വേഷിക്കുന്നത് ഏത് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണെന്നും കേസ് നമ്പരും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസിൽ പ്രതി ചേർത്തിട്ടുള്ളത് ആരെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിളിമാനൂർ പുതിയകാവ് ജാസ്മി മൻസിലിൽ സൈനുദ്ദീൻ മകൾ ജാസ്മി, പേരക്കുട്ടി ഫാത്തിമ എന്നിവർ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1420/2015 കേസ്സിൽ ഉൾപ്പെട്ട 3 പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചുവരുന്നതും അന്വേഷണം പുരോഗമിച്ചുവരുന്നതുമാകുന്നു. മേൽ സംഭവത്തിൽ ആത്മഹത്യ ചെയ്ത ജാസ്മിയുടെ സഹോദരി 27 വയസ്സുള്ള സജ്ന 30-11-2015 തീയതി വെളുപ്പിന് കരിക്കകം അറപ്പുരവിളാകം ക്ഷേത്രത്തിന് സമീപം റെയിൽവേ ട്രാക്കിൽ ഏതോ ട്രെയിനിന് മുന്നിൽച്ചാടി മരണപ്പെട്ട നിലയിൽ കാണപ്പെട്ടതിലേയ്ക്ക് പേട്ട പോലീസ് സ്റ്റേഷൻ ക്രൈം 1422/2015 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ ടി സജ്ന എഴുതിയ ആത്മഹത്യാ കുറിപ്പ് കണ്ടെത്തിയിട്ടുള്ളതും ടി ആത്മഹത്യാ കുറിപ്പിന്റെ അടിസ്ഥാനത്തിൽ എതുക്കാട് വട്ടകൈത എം.എസ്. മൻസിലിൽ ജമീലാ ബീവി മകൾ മുംതാസ്, പൂതുശ്ശേരിമുക്ക് വണ്ടിത്തടം മുസ്ലീം എൽ.പി.എസ്-ന് സമീപം കെ.സി. ഹൗസിൽ ജമീലാ ബീവി മകൾ മെഹർബാൻ എന്നിവരെ ഒന്നും രണ്ടും പ്രതികളായി ചേർത്ത് വകുപ്പ് 306 & 34 IPC പ്രകാരം അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത രണ്ട് കേസ്സുകളും (Cr.1420/15, 1422/15) പേട്ട പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിലാണ് അന്വേഷണം നടത്തിവരുന്നത്.

GPM. 2/235/2020-34

LIBRARY ARCHIVES Kerala Legislative Assembly